# കേരള സർക്കാർ

ധനകാര്യ (ഐ ടി — എസ് എഫ്) വകുപ്പ്

നം. 37/2013/ധന

തിരുവനന്തപുരം, തീയതി 08.04.2013

## സർക്കുലർ

വിഷയം:- ധനകാര്യ വകുപ്പ് — സ്പാർക്കിലെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് — സംബന്ധിച്ച്

സൂചന:-
1. സർക്കുലർ നം. 62/2012/ധന തീയതി 16.10.2012
2. സർക്കുലർ നം. 65/2012/ധന തീയതി 01.11.2012
3. സർക്കുലർ നം. 15/2013/ധന തീയതി 02.02.2013
4. സർക്കുലർ നം. 27/2013/ധന തീയതി 05.03.2013

സംസ്ഥാനത്തെ എല്ലാ നോൺ-ഗസറ്റഡ് സർക്കാർ ജീവനക്കാരുടെയും ഫോട്ടോ, കൈയൊപ്പ് മറ്റ് വിശദാംശങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്പാർക്ക് (SPARK) ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്യുന്നതിനുള്ള അവസാന തീയതി 28.02.2013 ആയി നിജപ്പെടുത്തി, ആയത് പൂർത്തീകരിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം 03/2013 ലെ ശമ്പള ബില്ലിനൊപ്പം ട്രഷറികളിൽ സമർപ്പിക്കണമെന്ന് സൂചന 4 ലെ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ ധനകാര്യവർഷത്തിന്റെ അവസാനപാദത്തിലെ ജോലിഭാരം കണക്കിലെടുത്ത് മേൽപറഞ്ഞ ജോലി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പല നിവേദനങ്ങളും സർക്കാരിന് ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, നോൺ-ഗസറ്റഡ് ജീവനക്കാരുടെ ഫോട്ടോ, കൈയൊപ്പ്, മറ്റ് വിശദാംശങ്ങൾ എന്നിവ സ്പാർക്ക് ഡാറ്റാബേസിൽ ഉൾപ്പെടുത്തി ഡാറ്റാബേസ് അപ്ഡേറ്റ് ചെയ്ത് ലോക്ക് ചെയ്യുന്നതിനുള്ള സമയപരിധി രണ്ടു മാസം കൂടി ദീർഘിപ്പിച്ച് നൽകുന്നു. മേൽപറഞ്ഞ ജോലി പൂർത്തീകരിച്ചത് സംബന്ധിച്ച സാക്ഷ്യപത്രം 05/2013ലെ ശമ്പളബില്ലിനൊപ്പം ട്രഷറികളിൽ സമർപ്പിക്കേണ്ടതാണെന്ന് ഇതിനാൽ നിർദ്ദേശിക്കുന്നു. ട്രഷറി ഡയറക്ടർ ഇക്കാര്യം പ്രത്യേകമായി ഉറപ്പ് വരുത്തേണ്ടതാണെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച സംശയദൂരീകരണത്തിന് സ്പാർക്ക് ചീഫ് പ്രോജക്ട് മാനേജരെ നേരിട്ടോ, ഫോണിലോ (0471-2571420), ഇമെയിലിലോ (cpm@spark.gov.in) എന്ന വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**ഡോ.വി.പി.ജോയ്**
പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

സ്വീകർത്താക്കൾ

എല്ലാ വകുപ്പ് തലവൻമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം
ചീഫ് പ്രോജക്ട് മാനേജർ, സ്പാർക്ക്, പെൻഷൻ ട്രഷറി ബിൽഡിംഗ്, ഉപ്പളം റോഡ്, സ്റ്റാച്യൂ, തിരുവനന്തപുരം
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

അസ്സിസ്റ്റന്റ് സെക്ഷൻ ഓഫീസർ